പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 308** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും കുന്ദമംഗലം ലൈഫ് ഭവന സമുച്ചയ നിർമ്മാണത്തിലെ ക്രമക്കേടുകളും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** ലൈഫ് ഭവന പദ്ധതി പ്രകാരം ഒന്നും രണ്ടും ഘട്ടങ്ങളിലായി തയ്യാറാക്കിയ പട്ടികയിൽ ഉൾപ്പെട്ട ഭൂരഹിത-ഭവനരഹിതരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u> ലൈഫ് ഭവനപദ്ധതി പ്രകാരം വിവിധ ഘട്ടങ്ങളിലായി തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ 4,04,327 ഭൂരഹിത ഭവനരഹിതരും 8,26,429 ഭൂമിയുള്ള ഭവനരഹിതരും ലൈഫ് മാനദണ്ഡപ്രകാരം അർഹരായിട്ടുണ്ട്.**

**(ബി)** പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടവരിൽ എത്രപേർക്ക് ഇതുവരെ ഭൂമിയും വീടും അനുവദിച്ചിട്ടുണ്ടെന്നും എത്രപേർക്ക് ഭവനസമുച്ചയങ്ങളിൽ താമസം ഒരുക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 6,34,999 ഗുണഭോക്താക്കൾക്ക് ലൈഫ് ഭവനപദ്ധതിയുടെ വിവിധ ഘട്ടങ്ങളിലൂടെ ഭവനനിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിൽ 5,85,064 കുടുംബങ്ങൾക്ക് വീടും 49,935 കുടുംബങ്ങൾക്ക് ഭൂമിയും വീടും ലഭ്യമാക്കിയിട്ടുണ്ട്. ഭൂരഹിത ഭവനരഹിതരിൽ 1,011 കുടുംബങ്ങളെ ഭവനസമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിച്ചിട്ടുണ്ട്.

**(സി)** കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഭവന സമുച്ചയം നിർമ്മിച്ചതിൽ വലിയ രീതിയിലുള്ള ക്രമക്കേട് നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച ഭവന സമുച്ചയങ്ങൾ സംബന്ധിച്ച പരാതിയും ആക്ഷേപങ്ങളും വീഴ്ചകളും പരിശോധിക്കും.

**(ഡി)** ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നിയമനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; നഷ്ടം തിരിച്ച പിടിക്കാൻ വീഴ്ച വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച ഭവന സമുച്ചയങ്ങൾ സംബന്ധിച്ച പരാതിയും ആക്ഷേപങ്ങളും വീഴ്ചകളും പരിശോധിക്കും.

**(ഇ)** പ്രസ്തുത പദ്ധതി വഴി വാഗ്ദാനം ലഭിച്ച് വഞ്ചിക്കപ്പെട്ട പാവപ്പെട്ട ഭവനരഹിതർക്ക് ബദൽ സംവിധാനങ്ങൾ ഒരുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**മറുപടി:** ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച ഭവന സമുച്ചയങ്ങൾ സംബന്ധിച്ച പരാതിയും ആക്ഷേപങ്ങളും വീഴ്ചകളും പരിശോധിക്കും.

**സെക്ഷൻ ഓഫീസർ**